നം. G2-4484/18

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 28.06.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

## വിജ്ഞാപനം

## സാമൂഹ്യനീതി വകുപ്പ്

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗമായ മറവി രോഗം ബാധിച്ച ജനങ്ങൾക്ക് ആവശ്യമായ പരിരക്ഷയും ശുശ്രൂഷയും നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാമൂഹ്യനീതി വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി വരുന്നുണ്ട്. അപ്രകാരം ഡിമെൻഷ്യ രോഗികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സംരക്ഷണം നൽകുന്നതിനും വേണ്ടിയുള്ള സ്ഥാപനങ്ങൾ നടത്തി/നടത്തുവാൻ ഈ രംഗത്ത് പ്രവർത്തിക്കുന്ന താൽപര്യമുള്ള സന്നദ്ധ സംഘടനകളിൽ നിന്നും താൽപര്യ പത്രം ക്ഷണിക്കുന്നു. താൽപര്യമുള്ളവർക്ക് ഇതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വകുപ്പിന്റെ വെബ്സൈറ്റായ www.sjdkerala.gov.in-ൽ നിന്നോ സാമൂഹ്യനീതി വകുപ്പിന്റെ കാര്യാലയത്തിൽ നിന്നോ ലഭ്യമാകുന്നതാണ്. പ്രൊപ്പോസലുകൾ തയ്യാറാക്കി അതാതു ജില്ലാ ഓഫീസ് മുഖാന്തിരം സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭ്യമാക്കാവുന്നതാണ്.

SUBASH KUMAR

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

SUBHASH KUMAR. K.V
Assistant Director
Directorate of Social Justice
Thiruvananthapuram-33

AN

## ഡിമെൻഷ്യ കെയർ സെന്റർ ആരംഭിക്കുന്നതിനായി നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1. ഡിമെൻഷ്യ കെയർ സെന്റർ തുടങ്ങുന്നതിനായി പരമാവധി 20 പേർക്ക് താമസിക്കുവാൻ സൗകര്യമുണ്ടായിരിക്കണം.
2. വൃദ്ധ ജനങ്ങളെ പാർപ്പിക്കുന്നതിനായി കോംപൗണ്ട് വാളോടു കൂടിയ സുരക്ഷിതമായ കെട്ടിടം, വെള്ളം, വൈദ്യുതി മുതലായ സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
3. ഒരു അന്തേവാസിക്ക് ചുരുങ്ങിയത് 40 ചതുരശ്ര അടി സ്ഥലം താമസിക്കുന്നതിനായി ആവശ്യമായ തരത്തിൽ കെട്ടിടത്തിന് സ്ഥല സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.
4. ചുരുങ്ങിയത് 3 പേർക്ക് താമസിക്കാൻ പറ്റുന്ന തരത്തിൽ ഓരോ മുറികൾ ബാത്ത് അറ്റാച്ച്ഡോടുകൂടി രോഗികൾക്ക് ഉപകാര പ്രദമാകുന്ന തരത്തിൽ ആയിരിക്കണം.
5. ഡേ കെയർ ഹോമുകളായി പ്രവർത്തിക്കുന്ന ഡിമെൻഷ്യ സെന്ററുകൾക്ക് ഔട്ട് ഹൗസ് മാതൃകയിൽ പ്രത്യേക സ്ഥലം വിശ്രമത്തിനായി ഉണ്ടായിരിക്കണം.
6. ഡിമെൻഷ്യ രോഗികളെ ഭവനങ്ങളിൽ നിന്നും കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനു വാഹന സൗകര്യം ഉണ്ടായിരിക്കണം.
7. ഇവർക്ക് ആവശ്യമായ മെഡിക്കൽ കെയറും മരുന്നും ഡോക്ടറുടെ സേവനവും ഉറപ്പു വരുത്തണം.
8. 2 മാസത്തിലൊരിക്കൽ രോഗികളുടെ ബന്ധുക്കളുടെ കൂട്ടായ്മ സംഘടിപ്പിക്കേണ്ടതും ഇവരുടെ സംരക്ഷണം സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതുമാണ്.
9. ഡിമെൻഷ്യ കെയർ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ വർഷത്തിൽ 2 വീതം സംഘടിപ്പിക്കണം.
10. ആവശ്യമായ മെഡിക്കൽ എക്യുപ്മെന്റ്, ഹൗസ് ഹോൾഡ് എക്യുപ്മെന്റ്, കിച്ചൺ എക്യുപ്മെന്റ് എന്നിവ ഒറ്റത്തവണ എന്ന പ്രകാരം അനുവദിക്കാവുന്നതാണ്.
11. ഡിമെൻഷ്യ സെന്ററിനോടൊപ്പം പ്രതിമാസ മെമ്മറി ക്ലിനിക് പ്രവർത്തിപ്പിക്കേണ്ടതാണ്.
12. ഡിമെൻഷ്യ കെയർ പരിപാലന രംഗത്ത് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് മുൻ പരിചയവും നിലവിലെ പ്രവർത്തന മേഖലയെ സംബന്ധിച്ചുള്ള വിശദാംശങ്ങളും പ്രൊപ്പോസലിൽ ലഭ്യമാക്കേണ്ടതാണ്.
13. സർക്കാർ അംഗീകരിക്കുന്ന പദ്ധതി പ്രകാരം സാമൂഹ്യനീതി ഡയറക്ടറും NGO സ്ഥാപന മേധാവിയുമായി കരാറിലേർപ്പെടേണ്ടതും പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ജില്ലാ തലത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുന്നതുമായിരിക്കും.
14. സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വെൽഫെയർ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

SUBHASH KUMAR. K.V
Assistant Director
Directorate of Social Justice
Thiruvananthapuram-33

AN